എന്റെ ദൈവമെന്റെ സങ്കേതവും ബലവും

കഷ്ടങ്ങളിൽ ഏറ്റം അടുത്ത തുണയും. (2)

എനിക്കെന്തു വേണമെന്നും എപ്പോ ൾ വേണമെന്നും

എത്രവേണമെന്നും എ**ൻ** ദൈവമറിയുന്നു. (2) എനിക്കെന്തു....

ഒന്നിനെക്കുറിച്ചും വിചാരപ്പെടില്ല

ഉന്നതനവൻ ഉയരത്തിൽഉള്ളതാ**ൽ** (2) എനിക്കെന്തു....

മുൻപേ ഞാനവന്റെ രാജ്യവും നീതിയും

അന്വേഷിക്കമാത്രം ചെയ്തുവരുന്നു. (2) എനിക്കെന്തു....

എന്റെ ആവശ്യങ്ങ **ൾ** തന്റെ ഹിതം പോലെ

ഭംഗിയായി അവൻ നിവർത്തിച്ചുതരുന്നു. (2) എനിക്കെന്തു....

സ്വർഗ്ഗത്തിലെ സകല ആത്മീക നന്മകളും

എന്നിൽനിറച്ചെന്നെ നടത്തിടുന്നവൻ. (2) എനിക്കെന്തു....

ഉന്നതനെ ഞാനെ**ൻ** അന്ത്യശ്വാസത്തോളം

നന്ദിയോടെ വാഴ്ത്തി ആരാധിച്ചിടും. (2) എനിക്കെന്തു....